(ബി) ഇതിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഏതെല്ലാം പുതിയ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിൽ ഉണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1. പീരുമേട്ടിൽ അമിനിറ്റി സെന്റർ.
2. പട്ടുമലയിലെ ഓക്സ്ബോയുടെ വികസനം.
3. വാഗമൺ പുൽമേടുകളുടെ സംരക്ഷണം
4. പുല്ലുപാറയിൽ സ്നാക്ക് ബാർ & ടോയ്ലറ്റ്

(ബി) പൂർത്തീകരിച്ചവ

1. വാഗമൺ പുൽമേടുകളുടെ സംരക്ഷണം.
2. പുല്ലുപാറയിൽ സ്നാക്ക് ബാർ & ടോയ്ലറ്റ്

പൂർത്തീകരിക്കാനുള്ളവ

1. പട്ടുമലയിലെ ഓക്സ്ബോയുടെ വികസനം.
2. പീരുമേട്ടിൽ അമിനിറ്റി സെന്റർ.

(സി & ഡി) പുതുതായി പദ്ധതികൾക്കൊന്നും രൂപം നൽകിയിട്ടില്ല.

സെക്സ് ടൂറിസം അവസാനിപ്പിക്കാൻ സർക്കാർ നടപടി

55 [733] ശ്രീ. സാജു പോൾ :
,, പിരപ്പൻകോട് മുരളി :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെക്സ് ടൂറിസം വ്യാപകമായിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സെക്സ് ടൂറിസം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ദേശീയ മനുഷ്യാവകാശ കമ്മീഷനുവേണ്ടി ഡൽഹിയിലെ ഒരു ഏജൻസി പഠനം നടത്തിയ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 18 വയസ്സിനു താഴെയുള്ള ഒട്ടേറെ പെൺകുട്ടികൾ സെക്സ് ടൂറിസത്തിനിരയായിരിക്കുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അത്തരത്തിലുള്ള ഗൗരവമായ ഒരു സ്ഥിതിവിശേഷം കേരളത്തിൽ നിലവിലില്ല. എന്നിരുന്നാലും ടൂറിസത്തിന്റെ മറവിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും അങ്ങനെ ഉണ്ടെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനം സംസ്ഥാനത്തെ ടൂറിസത്തെപ്പറ്റി പ്രസിദ്ധീകരിച്ച റിപ്പോർട്ട്

56 [734] ശ്രീ. പി. ജെ. ജോയി :

,, ടി. എൻ. പ്രതാപൻ :

,, ജോർജ് ജെ. മാത്യു :

,, കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സംസ്ക്കാരത്തിനും സദാചാരബോധത്തിനും എതിരായ വിധത്തിൽ ന്യൂഡൽഹി ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനം സംസ്ഥാനത്തെ ടൂറിസത്തെപ്പറ്റി പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ ഉള്ളടക്കം സംസ്ഥാനത്തിന് ദുഷ്പേരുണ്ടാക്കുന്നതാണോ ;

(സി) എങ്കിൽ അതില്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ – സി) ഉണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് തികച്ചും വസ്തുനിഷ്ഠമാണെന്ന് സർക്കാർ കരുതുന്നില്ല. എന്നിരുന്നാലും ഇത്തരം പ്രവണതകൾക്കെതിരെ ജാഗരൂകരായിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം എന്ന സ്ഥാപനം ആരംഭിക്കാൻ നടപടി

57 [735] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം എന്ന സ്ഥാപനം കേരളത്തിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly